## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3780** — **31.01.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ഇപ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) | ഇല്ല. |
| (ബി) | പവർകട്ട് ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ ബോർഡ് സ്വീകരിക്കുമോ ? | (ബി) | വരുന്ന വേനലക്കാലത്ത് സംസ്ഥാനത്ത് പവർ കട്ടും ലോഡ് ഷെഡിംഗും ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.<br>1. ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിദിനം 20 മുതൽ 22 ദശലക്ഷം യൂണിറ്റ് വരെ ലഭ്യമാക്കുക.<br>2. കേന്ദ്ര നിലയങ്ങളിൽ നിന്നും പ്രതിദിനം ഏകദേശം 26 മുതൽ 27 ദശലക്ഷം യൂണിറ്റ് വരെ പ്രതീക്ഷിക്കുന്നു.<br>3. സംസ്ഥാനത്തെ പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്ന് പ്രതിദിനം 0.4 ദശലക്ഷം യൂണിററ് പ്രതീക്ഷിക്കുന്നു.<br>4. കൂടാതെ വിവിധ വ്യാപാരികൾ വഴി ഏകദേശം 10 മുതൽ 12 ദശലക്ഷം യൂണിററ് വൈദ്യുതി വാങ്ങാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>(i) 200 MW വൈദ്യുതി വ്യാപാരികളിൽ നിന്ന് വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുകയും ടി വൈദ്യുതി കൊണ്ടുവരുന്നതിന് മീഡിയം ടേം ഓപ്പൺ അക്സസ് ലഭിക്കുയും ചെയ്തിട്ടുണ്ട്.<br>(ii) 300 MW വൈദ്യുതി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്ന് 2013 ഡിസംബർ മുതൽ 2014 മെയ് വരെ വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>(iii) 600 MW വൈദ്യുതി 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെ മറ്റു മേഖല |

കളിൽ വ്യാപാരികളിൽ നിന്നും ഷോർട്ട് ടേം ഓപ്പൺ ആക്സസ് വഴി വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസരണ ഇടനാഴികളുടെ പരിമിതികൾ കാരണം 60 മുതൽ 100 MW വരെ വൈദ്യുതി മാത്രമേ ലഭിക്കുകയുള്ളൂ.

(iv) 200 MW വൈദ്യുതി 2013 ജൂലൈ മുതൽ 2014 നവംബർ വരെ വാങ്ങുന്നതിന് ഒറീസ്സയിലെ GRIDCO -യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**5.** ഇതുകൂടാതെ ഏകദേശം 2 മുതൽ 4 ദശലക്ഷം യൂണിററ് വരെ വൈദ്യുതി, എനർജി എക്സ്ചേഞ്ചുകൾ വഴിയും അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് വഴിയും വാങ്ങുന്നതിനും. കൂടുതലായി ആവശ്യമുള്ള വൈദ്യുതി ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ.**